## *നഗരകാര്യഡയറക്ടറുടെ ഉത്തരവ് നടപടികൾ*

നഗരകാര്യവകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സ്ഥലം മാറ്റവും ഉദ്യോഗകയറ്റവും - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നം. ഇ5-11962/16 — തിരുവനന്തപുരം, തീയതി, 10/8/16

---

പരാമർശം:-

1. നഗരകാര്യ ഡയറക്ടറുടെ 22/7/16 ലെ ഇതേ നമ്പർ ഉത്തരവ്.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ-1811/2016 -ാം നമ്പർ കേസിന്മേലുള്ള 3/8/16 ലെ ഉത്തരവ്
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ-1811/2016 -ാം നമ്പർ കേസിന്മേലുള്ള 8/8/16 ലെ ഉത്തരവ്

### ഉത്തരവ്

ശ്രീമതി. റ്റി.എ. തങ്കം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിന്മേൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ആലപ്പുഴ നഗരസഭയിൽ ഒഴിവുള്ള രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ 9/8/2016 വരെ നിയമനം നടത്തരുതെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ടി തസ്തികയിൽ നിയമനം നടത്താവുന്നതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

കോട്ടയം നഗരസഭയിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി. റ്റി.എ. തങ്കത്തിന് രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നൽകി തൃശ്ശൂർ നഗരസഭയിൽ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തൃശ്ശൂർ നഗരസഭയിൽ ടി തസ്തികയിൽ ഒഴിവില്ലാത്തതിനാൽ ടിയാളെ ആലപ്പുഴ നഗരസഭയിൽ ഒഴിവുള്ള രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ഭേദഗതികളോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)
**ഡോ: കെ. വാസുകി. ഐ.എ.എസ്**
**നഗരകാര്യഡയറക്ടർ**

ശ്രീമതി. റ്റി.എ. തങ്കം,
ജൂനി. ഹെൽത്ത് ഇൻസ്പെക്ടർ I,
സെക്രട്ടറി,
ആലപ്പുഴ നഗരസഭ,
കോട്ടയം നഗരസഭ,
തൃശ്ശൂർ നഗരസഭ

പകർപ്പ്:- ഇ5/സൂപ്രണ്ട്/ കരുതൽ ഫയൽ

ആജ്ഞാനുസരണം/ അയയ്ക്കുന്നത്

**സൂപ്രണ്ട്**

എസ്.കെ.ഒ,